ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

DATE: 30-12-2025 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. സാമൂഹിക ഐക്യം, മതസൗഹാർദ്ദം, വികസനം എന്നിവയ്ക്കായി ഒരുമിച്ച് പ്രവർത്തിക്കണമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. 93-ാമത് ശിവഗിരി തീർത്ഥാടനം ഉപരാഷ്ട്രപതി ഇന്ന് വർക്കലയിൽ ഉദ്ഘാടനം ചെയ്യും.

   **Vice President C. P. Radhakrishnan has called upon people to come together for the development and well being of society with community spirit and religious harmony. The Vice President will inaugurate the 93rd Sivagiri Pilgrimage at Varkala today.**

2. കേന്ദ്ര ബജറ്റിന് മുന്നോടിയായി പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രമുഖ സാമ്പത്തിക വിദഗ്ധരുമായി ഇന്ന് നിതി ആയോഗിൽ കൂടിക്കാഴ്ച നടത്തും.

   **Prime Minister Narendra Modi will hold a meeting with leading economists and subject matter experts at NITI Aayog today, as part of the government's ongoing consultations ahead of key economic decisions.**

3. സായുധ സേനയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി 79,000 കോടി രൂപയുടെ യുദ്ധോപകരണങ്ങൾ വാങ്ങുന്നതിന് ഡിഫൻസ് അക്വിസിഷൻ കൗൺസിലിന്റെ അംഗീകാരം.

   **Centre clears 79 thousand crore rupees defence proposals to enhance capabilities of Armed Forces.**

4. മകരവിളക്ക് ഉത്സവത്തിനായി ശബരിമല ക്ഷേത്രനട ഇന്ന് തുറക്കും.

   **The Sabarimala temple will open today for the Makaravilakku festival.**

5. ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഖാലിദ സിയ അന്തരിച്ചു.

**Former Bangladesh Prime Minister Khaleda Zia passed away.**

6. ഇന്ത്യ-ശ്രീലങ്ക വനിതാ ടി–20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന് തിരുവനന്തപുരത്ത്.

**The final match of the India-Sri Lanka women's T-20 cricket series will be played in Thiruvananthapuram today.**

**&&&&&&&&&&&&&&&&&&**

## VP-THIRUVNANTHAPURAM VISIT

സാമൂഹിക ഐക്യം മതസൗഹാർദ്ദം വികസനം എന്നിവയ്ക്കായി ഒരുമിച്ച് പ്രവർത്തിക്കണമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. രണ്ട് ദിവസത്തെ കേരള സന്ദർശനത്തിനായി ഇന്നലെ തിരുവനന്തപുരത്ത് എത്തിയ ഉപരാഷ്ട്രപതി, എൽ.എം.എസ് ചർച്ച് കോമ്പൗണ്ടിൽ നടന്ന ട്രിവാൻഡ്രം ഫെസ്റ്റിൽ പങ്കെടുത്തു. മതപരമായ ആഘോഷങ്ങളിൽ ജനങ്ങൾ ഒരുമിച്ച് പങ്കെടുക്കുമ്പോഴാണ് ജനാധിപത്യത്തിന്റെയും ഐക്യത്തിന്റെയും യഥാർത്ഥ ചൈതന്യം ദൃശ്യമാകുന്നതെന്നും ഉപരാഷ്ട്രപതി പറഞ്ഞു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച് ബിഷപ്പ് തോമസ് ജെ. നെറ്റോ, മേയർ വി.വി. രാജേഷ് ഉൾപ്പെടെയുള്ള പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.

********************************

## VP-TVM VISIT (INTRO)

93-ാമത് ശിവഗിരി തീർത്ഥാടനത്തിന് ഇന്ന് തുടക്കം. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ തീർത്ഥാടനം ഉദ്ഘാടനം ചെയ്യും.

കൂടുതൽ വിവരങ്ങളുമായി വർക്കലയിൽ നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..

(ഹോൾഡ് വോയിസ്)

*********************************

## PM - NITI AAYOG

കേന്ദ്ര ബജറ്റിന് മുന്നോടിയായി പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രമുഖ സാമ്പത്തിക വിദഗ്ധരുമായി ഇന്ന് നിതി ആയോഗിൽ കൂടിക്കാഴ്ച നടത്തും. വിവിധ സാമ്പത്തിക വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഈ യോഗത്തിൽ കേന്ദ്രധനമന്ത്രി നിർമ്മല സീതാരാമനും പങ്കെടുക്കും. രാജ്യത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയെയും ഭാവി മുൻഗണനകളെയും കുറിച്ചുള്ള വിദഗ്ദ്ധരുടെ അഭിപ്രായങ്ങളും വിലയിരുത്തലുകളും യോഗത്തിൽ പങ്കുവെക്കും.

*********************************

## DEFENCE - DAC

സായുധ സേനയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി 79,000 കോടി രൂപയുടെ യുദ്ധോപകരണങ്ങൾ വാങ്ങുന്നതിനു ഡിഫെൻസ് അക്യുസിഷൻ കൗൺസിൽ അംഗീകാരം നൽകി. ന്യൂഡൽഹിയിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അധ്യക്ഷത വഹിച്ച യോഗത്തിലാണ് അംഗീകാരം നൽകിയത്. കരസേനയ്ക്ക് ലോയിറ്റർ യുദ്ധോപകരണങ്ങൾ, വ്യോമസേനയ്ക്കായി ഓട്ടോമാറ്റിക് ടേക്ക്-ഓഫ് ലാൻഡിംഗ് റെക്കോർഡിംഗ് സിസ്റ്റം നാവികസേനയ്ക്ക് ബൊള്ളാർഡ് പുൾ ടഗ്ഗുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

*********************************

## MEA-PAKISTAN

ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾ ആക്രമിക്കപ്പെടുന്നു എന്ന പാകിസ്ഥാന്റെ പരാമർശങ്ങളെ വിദേശകാര്യ മന്ത്രാലയം തള്ളി. പാകിസ്ഥാൻ വിദേശകാര്യ മന്ത്രാലയ വക്താവിന്റെ പ്രസ്താവനയെക്കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി

നൽകവേ, ഈ വിഷയത്തിൽ പാകിസ്ഥാന്റെ ചരിത്രം തന്നെ വസ്തുതകൾ വെളിവാക്കുന്നതാണെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. വിവിധ മതവിഭാഗങ്ങളിൽപ്പെട്ട ന്യൂനപക്ഷങ്ങളോടുള്ള പാകിസ്ഥാന്റെ സമീപനം ലോകത്തിന് മുൻപിലുള്ള വസ്തുതയാണെന്നും, മറ്റ് രാജ്യങ്ങൾക്ക് നേരെ വിരൽ ചൂണ്ടുന്നതുകൊണ്ട് മാത്രം ഇത് മറച്ചുപിടിക്കാനാവില്ലെന്നും ശ്രീ ജയ്സ്വാൾ വ്യക്തമാക്കി.

*******************************

## NAIDU-NG HELICOPTER

ബെംഗളൂരുവിൽ ധ്രുവ് എൻജി ഹെലികോപ്റ്ററിന്റെ ഉദ്ഘാടന പറക്കൽ കേന്ദ്ര വ്യോമയാന മന്ത്രി കിഞ്ചരപു റാം മോഹൻ നായിഡു ഇന്ന് ഫ്ലാഗ് ഓഫ് ചെയ്യും. എയ്റോ ഇന്ത്യ ഷോയിൽ എച്ച്എഎൽ പ്രദർശിപ്പിച്ച തദ്ദേശീയ ഹെലികോപ്റ്ററിന്റെ വകഭേദമാണ് അഡ്വാൻസ്ഡ് ലൈറ്റ് ഹെലികോപ്റ്റർ നെക്സ്റ്റ് ജനറേഷൻ ധ്രുവ്. ആറ് മുതൽ 14 വരെ യാത്രക്കാരെ ഉൾകൊള്ളാൻ കഴിയുന്ന ഈ ഹെലികോപ്റ്ററിന് ടൂറിസം, വിഐപി ഗതാഗതം, ദുരന്ത നിവാരണം, വെള്ളപ്പൊക്ക മാനേജ്മെന്റ് തുടങ്ങിയ ദൗത്യങ്ങൾ വഹിക്കാൻ കഴിയും.

*******************************

## BHUPENDER - SC ARAVALLI

അരാവലി കുന്നുകളുടെയും മലനിരകളുടെയും നിർവചനം സംബന്ധിച്ച് നവംബർ 20-ന് പുറപ്പെടുവിച്ച ഉത്തരവ് സുപ്രീം കോടതി സ്റ്റേ ചെയ്തു. ഇതു സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കാൻ വിദഗ്ദ്ധ സമിതി രൂപീകരിക്കാൻ ചീഫ് ജസ്റ്റിസ് സൂര്യകാന്ത് ഉൾപ്പെട്ട അവധിക്കാല ബെഞ്ച് ഉത്തരവിട്ടു. ഈ വിഷയത്തിൽ സ്വമേധയാ കേസെടുത്തതിൽ കേന്ദ്രത്തിനും, മലനിരകൾ ഉൾക്കൊള്ളുന്ന ഡൽഹി, രാജസ്ഥാൻ, ഗുജറാത്ത്, ഹരിയാന സംസ്ഥാനങ്ങൾക്കും സുപ്രീം കോടതി നോട്ടീസ് അയച്ചിട്ടുണ്ട്.

പുതിയ സമിതി രൂപീകരിക്കാനുള്ള സുപ്രീം കോടതിയുടെ തീരുമാനത്തെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ് സ്വാഗതം ചെയ്തു.

********************************

## PM - INSV KAUNDINYA

പോർബന്തറിൽ നിന്ന് ഒമാനിലെ മസ്കറ്റിലേക്കുള്ള INSV കൗണ്ടിനിയയുടെ കന്നി യാത്രയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സന്തോഷം പ്രകടിപ്പിച്ചു. പുരാതന തുന്നൽ സാങ്കേതികത ഉപയോഗിച്ചാണ് കപ്പൽ നിർമ്മിച്ചിരിക്കുന്നതെന്ന് ശ്രീ മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു. അതുല്യമായ ഈ പരിശ്രമത്തിന് പിന്നിലെ ഡിസൈനർമാരെയും, കരകൗശല വിദഗ്ധരെയും, കപ്പൽ നിർമ്മാതാക്കളെയും, നാവികസേനയെയും പ്രധാനമന്ത്രി അഭിനന്ദിച്ചു.

********************************

## INDUSTRIAL PRODUCTION

രാജ്യത്തെ വ്യവസായ ഉൽപ്പാദന വളർച്ച വാർഷികാടിസ്ഥാനത്തിൽ 6.7 ശതമാനമായി ഉയർന്നു. ഈ വർഷം നവംബറിലെ കണക്കാണിത്. ഇത് കഴിഞ്ഞ രണ്ട് വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന നിരക്കാണിത്. സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം പുറത്തുവിട്ട കണക്കുകൾ പ്രകാരം, ഒക്ടോബറിലെ 0.5 ശതമാനത്തിൽ നിന്നാണ് വ്യവസായ ഉൽപ്പാദന സൂചിക ശക്തമായ തിരിച്ചുവരവ് നടത്തിയത്. നിർമ്മാണ മേഖലയിലെ എട്ട് ശതമാനം വളർച്ചയാണ് വ്യവസായ ഉൽപ്പാദനത്തിലെ ഈ കുതിപ്പിന് പ്രധാന കാരണമായത്. ഇതിനുമുമ്പ് 2023 നവംബറിലാണ് ഇതിലും ഉയർന്ന നിരക്കായ 11.9 ശതമാനത്തിൽ എത്തിയിരുന്നത്.

********************************

## YEAR ENDER

2025, ലോക വേദിയിൽ ഇന്ത്യയുടെ ഉയർച്ചയിലെ ഒരു നിർണായക അധ്യായമായിരുന്നു. വിശാലമായ അന്താരാഷ്ട്ര ക്രമത്തിന്റെ ഭാവി രൂപപ്പെടുത്തുന്ന വ്യക്തിത്വമായി പ്രധാനമന്ത്രി നരേന്ദ്രമോദിയെ ലോകം ഉറ്റുനോക്കിയതിന് എട്ട് കാരണങ്ങളാണ് ഉള്ളത്. യു.എസ് താരിഫുകൾക്കെതിരെ സ്ഥിരതയുള്ള കവചം, 8.2 ശതമാനം വളർച്ച, ഓപ്പറേഷൻ സിന്ദൂർ തുടങ്ങിയവയിലൂടെ ലോകം ഇന്ത്യയെ വീക്ഷിച്ചു. ആഗോള ദക്ഷിണേന്ത്യയ്ക്കുള്ള ശബ്ദമായി പാർലമെന്ററി നയതന്ത്രം, പ്രോട്ടോക്കോൾ-ബ്രേക്കിംഗ് വ്യക്തിഗത ബന്ധങ്ങൾ എന്നിവയും 2025 നെ പ്രത്യേകതയുള്ളതാക്കി.

********************************

## BANGLADESH---KHALEDA-ZIA

ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഖാലിദ സിയ അന്തരിച്ചു. ധാക്കയിലെ എവർകെയർ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്ന് പുലർച്ചയോടെയായിരുന്നു അന്ത്യം. 80 വയസ്സായിരുന്നു. ബംഗ്ലാദേശി നാഷണലിസ്റ്റ് പാർട്ടി സമൂഹമാധ്യമത്തിലാണ് മരണവിവരം അറിയിച്ചത്. ബംഗ്ലാദേശിന്റെ ആദ്യ വനിതാ പ്രധാനമന്ത്രിയായിരുന്നു ഖാലിദ സിയ.

********************************

## SIR

കേരളത്തിൽ കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. voters.eci.gov.in, ceo.kerala.gov.in വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്.

********************************

## NOMINATION

കേരളത്തിൽ സ്ഥാനാർത്ഥികളുടെ നിര്യാണത്തെ തുടർന്ന് വോട്ടെടുപ്പ് മാറ്റിവെച്ച മൂന്നു തദ്ദേശ വാർഡുകളിൽ ജനുവരി 12 ന് വോട്ടെടുപ്പ് നടക്കും. പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്നലെ അവസാനിച്ചു. മലപ്പുറം മൂത്തേടം പഞ്ചായത്തിലെ പായിപ്പാടം, എറണാകുളം പാമ്പാക്കുട പഞ്ചായത്തിലെ ഓണക്കൂർ, തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം എന്നീ വാർഡുകളിലാണ് തിരഞ്ഞെടുപ്പ്. വോട്ടെണ്ണൽ 13-ന് നടക്കും.

********************************

## SABARIMALA

മകരവിളക്ക് ഉത്സവത്തിനായി ശബരിമല ക്ഷേത്രനട ഇന്ന് വൈകുന്നേരം 5-ന് തുറക്കും. മകരവിളക്ക് അനുബന്ധിച്ചുള്ള ദിവസങ്ങളിലെയും തുടർന്നുള്ള കുംഭമാസ പൂജയ്ക്കുമായി ദർശനം നടത്തുന്നതിന് വെർച്വൽ ക്യൂ ബുക്കിംഗ് ആരംഭിച്ചിട്ടുണ്ട്. ജനുവരി 14 നാണ് മകരവിളക്ക് മഹോത്സവം നടക്കുക.

********************************

## SHIVRAJ SINGH CHOUHAN (INTRO)

കേന്ദ്ര സർക്കാർ വിക്സിത് ഭാരത്-ജി റാം ജി എന്ന പുതിയ നിയമം അവതരിപ്പിച്ചതിലൂടെ തൊഴിൽ ദിനങ്ങൾ 100 നിന്ന് 125 ദിവസമായി വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ഉത്തരാഖണ്ഡിലെ ഗൗച്ചറിൽ നടന്ന സംസ്ഥാനതല കിസാൻ ദിവസ് പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 2005 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ പോരായ്മകളും ക്രമക്കേടുകളും പരിഹരിക്കുന്നതിനായാണ് വിക്സിത് ഭാരത്-ജി റാം ജി കൊണ്ടുവന്നതെന്നും ശ്രീ ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു.

(ഹോൾഡ് വോയിസ്)

********************************

## WOMENS T 20

ഇന്ത്യ-ശ്രീലങ്ക വനിതാ ടി–20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന് തിരുവനന്തപുരത്ത് നടക്കും. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ രാത്രി ഏഴ് മണിക്കാണ് മത്സരം. അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇന്ത്യ 4-0 ത്തിന് മുന്നിലാണ്.

********************************

## DRDO-PINAKA

പിനാക ലോംഗ് റേഞ്ച് ഗൈഡഡ് റോക്കറ്റിന്റെ ആദ്യ പരീക്ഷണം ചന്ദിപ്പൂരിലെ ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ചിൽ, DRDO വിജയകരമായി പൂർത്തിയാക്കി. 120 കിലോമീറ്റർ പരമാവധി ദൂരപരിധിയിലാണ് റോക്കറ്റ് പരീക്ഷിച്ചത്. റോക്കറ്റ് അതീവ കൃത്യതയോടെ ലക്ഷ്യസ്ഥാനത്ത് പതിച്ചതായി പ്രതിരോധ മന്ത്രാലയം അറിയിച്ചു. ഒരേ ലോഞ്ചറിൽ നിന്ന് വിവിധ ദൂരപരിധിയുള്ള പിനാക റോക്കറ്റുകൾ വിക്ഷേപിക്കാൻ സാധിക്കുമെന്ന നേട്ടമാണ് ഡി.ആർ.ഡി.ഒ സ്വന്തമാക്കിയത്. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഡി.ആർ.ഡി.ഒ-യെ ഈ നേട്ടത്തിൽ അഭിനന്ദിച്ചു.

*

***********

*****************************************************